മിസ്റ്റർ സി. ജെ. മാത്യു : ആ കാര്യത്തെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവരെ തിരഞ്ഞെടുത്തുകഴിഞ്ഞുപോ?

മിസ്റ്റർ സി. ജെ. മാത്യു: ഇല്ല.

മിസ്റ്റർ കെ. എസ്സ് പണിക്കർ: എറണാകുളത്തുള്ള നെഴ്സുമാരെ അയക്കുവാൻ സർക്കുലർ അയച്ചകൂട്ടത്തിൽ തൃശ്ശിവപേരൂരിൽനിന്നും എടുക്കുവാനുള്ള സജ്ജേഷനും അയച്ചിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: സർക്കുലർ എല്ലാ ഡിപ്പാർട്ടുമെണ്ടുകളിലേക്കും അയച്ചിട്ടുണ്ട്.

മിസ്സ് ആനി ജോസഫ്: അയച്ചിട്ടുണ്ടെന്ന തീർച്ചയാണോ ?

മിസ്റ്റർ സി. ജെ. മാത്യു: ഉവ്വ്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ടെയിനിംഗ് കഴിഞ്ഞു വരുന്നവരെ മദർ സുപ്പീരിയർ ജോലിക്കു നിയമിക്കുമോ?

മിസ്റ്റർ സി. ജെ മാത്യു: ആ ചോദ്യത്തിന്നു് ഇപ്പോൾ മറുപടി പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ERIYAD LOWER SECONDARY SCHOOL

൯൨. മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് സദയം മറുപടി നൽകുമോ.—

(എ) എറിയാട് ലോവർസെക്കണ്ടറി സ്കൂൾ ഹൈസ്കൂൾ ആക്കി ഉയർത്തികിട്ടണമെന്ന അപേക്ഷിച്ചുകൊണ്ടു വല്ല നിവേദനവും ഗവമ്മെണ്ടിന്നു സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തൊക്കെ നടപടികൾ ഗവമ്മെണ്ടു് എടുത്തിട്ടുണ്ടു് ?

റാവുസാഹിബ് ഐ. എൻ. മേനോൻ:

(എ) ഉവ്വ്.

(ബി) ഡിപ്പാർട്ടുമെണ്ടിന്റെ അന്വേഷണത്തിൽ ഇരിക്കുകയാണു്.

PRINCIPAL—SANSKRIT COLLEGE—TRIPPUNITTURA

൯൩. എം. കെ. വറുഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) തൃപ്പൂണിത്തുറ സംസ്കൃതകോളേജു പ്രിൻസിപ്പാളിന്റെ പരീക്ഷായോഗ്യത യെന്തു്; ഇപ്പോഴത്തെ ശമ്പളമെന്തു്; പ്രിൻസിപ്പാളാകുന്നതിന്നു മുമ്പു് അദ്ദേഹത്തിന്റെ ശമ്പളമെന്തായിരുന്നു;

(ബി) ഇപ്പോഴത്തെ പ്രിൻസിപ്പാളിനു് എത്രകൊല്ലത്തെ സർവ്വീസുണ്ടു്; അദ്ദേഹത്തേക്കാൾ സർവ്വീസുള്ളവരും സംസ്കൃതത്തിൽ ബി. ഏ. യൊ, എം. ഏ. യൊ ബിരുദം നേടിയിട്ടുള്ളവരും എന്നാൽ ൧൦൦ ക. യിൽ തഴെ ശമ്പളം പറ്റുന്നവരുമായി ഇപ്പോൾ വിദ്യാഭ്യാസവകുപ്പിൽ എത്രപേരുണ്ടു്, ആരാക്കെയാണവർ;

(സി) ഇപ്പോഴത്തെ പ്രിൻസിപ്പാളിന്നു മുമ്പു് ആരായിരുന്നു പ്രിൻസിപ്പാൾ; അദ്ദേഹത്തിന്റെ പരീക്ഷായോഗ്യതയും ശമ്പളവും എന്തായിരുന്നു?

റാവുസാഹിബ് ഐ. എൻ. മേനോൻ:

(എ) സംസ്കൃതപണ്ഡിറ്റിന്റെ പരീക്ഷയും സംസ്കൃത വിദ്വാൻ പരീക്ഷയും കൂടാതെ ഇംഗ്ലീഷ് പരിജ്ഞാനവും. ഇപ്പോഴത്തെ ശമ്പളം ക. ൨൦൦—൫—൨൫൦. പ്രിൻസിപ്പാളാകുന്നതിന്നു മുമ്പിലെ ശമ്പളം ൪൦ ക. (൨൫—൪൦).

(ബി) ൨൫ കൊല്ലം. ഒരാൾ മിസ്റ്റർ എൻ. എ. രാമസ്വാമി അയ്യർ.

(സി) മിസ്റ്റർ കെ. നാരായണപിഷാരടി, ബി. എ. (ഓണേഴ്സ് സംസ്കൃതം). ക. ൨൦൦—൫—൨൫൦:

മിസ്റ്റർ എം. കെ. വറുഗീസ്: ഇപ്പോഴത്തെ പ്രിൻസിപ്പാളിന്റെ കാളിഫിക്കേഷൻ എന്താണെന്നും, ആ ജോലിക്കു വേണ്ട മിനിമം കാളിഫിക്കേഷൻ എന്താണെന്നും പറയാമോ?

റാവുസാഹിബ് ഐ. എൻ. മേനോൻ: മിനിമം കാളിഫിക്കേഷൻ സംസ്കൃതത്തിൽ പണ്ഡിത പരീക്ഷയോ വിദ്വാൻ പരീക്ഷയോ വേണമെന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly